"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീമതി.അനു.കെ.പി, ശ്രീമതി.കവിത.ബി എന്നിവർ ഫയൽ ചെയ്ത WP(C)22131/2023 - ൽ ബഹു.ഹൈക്കോടതി 10/07/2025-ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.164/2026/H&FWD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:- WP(C)22131/2023 യിൽ ബഹു.ഹൈക്കോടതി 10/07/2025-ൽ പുറപ്പെടുവിച്ച വിധിന്യായം

**ഉത്തരവ്**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വന്നിരുന്നതും, നിലവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറിയതുമായ കാൻസർ സുരക്ഷ, താലോലം എന്നീ പദ്ധതികളിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.അനു.കെ.പി, ശ്രീമതി.കവിത.ബി എന്നിവർ പ്രസ്തുത തസ്തികകളിൽ തുടരാൻ അനുവദിക്കണമെന്നപേക്ഷിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)22131/2023 -ൽ ചെയ്യുകയും, 10/07/2025-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിയിന്മേൽ ബഹു.ഹൈക്കോടതി ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുകയുണ്ടായി

"The writ petition is disposed of directing the 1st respondent (Additional Chief Secretary, Health & Family Welfare Department ) to consider and pass orders on Exts.P10 and P11 after hearing the petitioners at the earliest, at any rate, within a period of two months from the date of receipt of a copy of this judgment".

2) ബഹു .ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അണ്ടർ സെക്രട്ടറി 17.10.2025-ൽ ശ്രീമതി.അനു.കെ.പി, ശ്രീമതി.കവിത.ബി എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി.

3) കേരള സാമൂഹ്യ സുരക്ഷാ മിഷന് കീഴിലുള്ള ചിൽഡ്രൻസ് ഹോം, മഹിളാമന്ദിരം എന്നീ സ്ഥാപനങ്ങളിൽ വിവിധ കാലയളവിൽ പഠിച്ച് വളർന്നവരാണ് ഹർജിക്കാരെന്നും, ഹർജിക്കാർ ഉൾപ്പെടെയുള്ള 8 പേർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കീഴിൽ കോഴിക്കോട് ഗവ.മെഡിക്കൽ കോളേജിൽ കാൻസർ സുരക്ഷ സ്കീം/താലോലം പദ്ധതി എന്നിവയിൽ 08.06.2009 തീയതി മുതൽ പ്രോജക്ട് കൗൺസലർമാരായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരികയായിരുന്നുവെന്നും 09.05.2022ന്, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 07.04.2022ന് കാലാവധി അവസാനിക്കാൻ നിശ്ചയിച്ചിരുന്ന മേൽപ്പറഞ്ഞ ജോലിയുടെ കരാർ കാലയളവ്, ഭരണസമിതി തീരുമാനം എടുക്കുന്നതുവരെ നീട്ടിക്കൊണ്ടുള്ള ഒരു എക്സ്റ്റൻഷൻ ഉത്തരവ്

പുറപ്പെടുവിച്ചിരുന്നുവെന്നും , കേരള സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ പതിനാലാം പഞ്ചവത്സര പദ്ധതി പ്രകാരം കാൻസർ സുരക്ഷ /താലോലം പദ്ധതികൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പിലാക്കാൻ 29.09.2023 ന് ഒരു ഉത്തരവ് പുറപ്പെടുവിക്കുക ഉണ്ടായിയെന്നും, ഈ കാലയളവിൽ ഭരണസമിതി തീരുമാനം കൈകൊണ്ടിട്ടില്ലായെന്നും, 10 വർഷത്തിലേറെയായി പ്രോജക്ട് കൗൺസിലർ തസ്തികയിൽ ജോലി ചെയ്തിരുന്ന എട്ട് ജീവനക്കാരുടെ സേവനം തുടരുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടില്ലെന്നും ഈ വിഷയത്തിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ഹർജിക്കാർ ഉൾപ്പെടെയുള്ളവർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും എന്നാൽ ഹർജിക്കാരുടെ കരാറുകൾ 31.03.2024ന് അവസാനിച്ചുവെന്നും, അപേക്ഷകരുടെ കരാർ അവസാനിച്ച തീയതി മുതൽ അവരുടെ വേതനത്തിന് ബാധ്യസ്ഥനായിരിക്കില്ലെന്നും വ്യക്തമാക്കി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കത്ത് നൽകിയെന്നും തുടർന്ന് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് സൂപ്രണ്ട് 25.04.2023ന്, ആശുപത്രി തലത്തിൽ ഹർജിക്കാരുടെ സേവനം അവസാനിപ്പിക്കുന്നതായി കത്ത് നൽകുകയുണ്ടായെന്നും ടി തസ്തികയിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് വീണ്ടും നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായെന്നും പ്രസ്തുത നിവേദനങ്ങളിൽ തീർപ്പ് കൽപ്പിക്കാൻ വൈകിയതിനെ തുടർന്നാണ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ റിട്ട് ഫയൽ ചെയ്തിട്ടുള്ളതെന്നും ഹർജിക്കാർ അറിയിക്കുകയുണ്ടായി. കൂടാതെ 14 വർഷമായി മേൽ പദ്ധതിയ്ക്ക് കീഴിൽ പ്രോജക്ട് കൗൺസിലർ തസ്തികയിൽ ജോലി ചെയ്തു എന്നതും മറ്റ് ജോലികൾ കണ്ടെത്താനുള്ള പ്രായപരിധി പിന്നിട്ടവരാണെന്നും, സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ ചിൽഡ്രൻസ് ഹോം, മഹിളാ മന്ദിരം എന്നിവിടങ്ങളിലെ മുൻ അന്തേവാസികളാണെന്നതും പരിഗണിച്ച് ആരോഗ്യ വകുപ്പിന് കീഴിൽ തങ്ങളുടെ കൗൺസിലർ തസ്തിക മുൻകാല പ്രാബല്യത്തോടെ നിലനിർത്തുകയോ അല്ലെങ്കിൽ വകുപ്പിന് കീഴിൽ യോഗ്യതക്കനുസരിച്ചുള്ള ഏതെങ്കിലും തസ്തികയിൽ ജോലി തുടർച്ച നൽകുന്നതിനോ നടപടി സ്വീകരിക്കണമെന്നും ശ്രീമതി.അനു.കെ.പി, ശ്രീമതി.കവിത.ബി എന്നിവർ ഹർജ്ജിക്കാർ നേരിൽ കേട്ട വേളയിൽ ബോധിപ്പിക്കുകയുണ്ടായി .

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി .ശ്രീമതി.അനു.കെ.പി, ശ്രീമതി.കവിത.ബി എന്നിവർ സർക്കാരിനു കീഴിലുള്ള ചിൽഡ്രൻസ് ഹോം, മഹിളാമന്ദിരം എന്നിവയിലെ അന്തേവാസികളായിരുന്നു എന്ന പ്രത്യേക സാഹചര്യവും, 2009 മുതൽ സാമൂഹ്യ സുരക്ഷാമിഷനു കീഴിലുള്ള താലോലം, കാൻസർ സുരക്ഷ എന്നീ പദ്ധതികളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നവരും 2023-ൽ പ്രസ്തുത പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കീഴിൽ ആക്കിയതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടതുമായ സാഹചര്യവും കണക്കിലെടുത്തുകൊണ്ട് ശ്രീമതി.അനു.കെ.പി, ശ്രീമതി.കവിത.ബി എന്നിവർക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സമിതി മുഖേനയോ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റ് പദ്ധതികൾ മുഖേനയോ ഏതിലെങ്കിലും താല്ക്കാലിക നിയമനം നൽകുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവാകുന്നു .

5) WP(C)22131/2023 - ൽ ബഹു. ഹൈക്കോടതി 10/07/2025-ൽ പുറപ്പെടുവിച്ച വിധിന്യായം അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുരളീധരൻ ചെട്ടിയാർ

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

മെഡിക്കൽ വിദ്യാഭ്യാസ  ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി അനു കെ പി , പാറപ്പുറത്ത് ഹൗസ്, കുന്നമംഗലം പി ഒ, കോഴിക്കോട്

ശ്രീമതി കവിത ബി, ഭാവന (H) , ചേവായൂർ പി ഒ, കോഴിക്കോട് - 673017

എക്സിക്യൂട്ടീവ് ഡയറക്ടർ , സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

പ്രിൻസിപ്പൽ സർക്കാർ മെഡിക്കൽ കോളേജ്,കോഴിക്കോട്

വെബ് & ന്യൂ മീഡിയ ഐ & പി ആർ ഡി ,സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manjula G
Date: 12-01-2026 10:52:37

സെക്ഷൻ ഓഫീസർ

പകർപ്പ് :

ആരോഗ്യവകുപ്പ് മന്ത്രിയുടെ പി.എസ് -ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്